പതിനാലാം കേരള നിയമസഭ

രണ്ടാം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത ചോദ്യം നമ്പർ: 4060 21.10.2016-ലെ മറുപടിക്ക്

## അങ്കമാലി കെ.എസ്.ആർ.ടി.സി ഡിപ്പോയിൽ പണിത ഷോപ്പിംഗ് കോംപ്ലക്സ്

| ചോദ്യം | ഉത്തരം |
|---|---|
| ശ്രീ. റോജി എം.ജോൺ | ശ്രീ. എ.കെ. ശശീന്ദ്രൻ (ഗതാഗത വകുപ്പു മന്ത്രി) |

| | | | |
|---|---|---|---|
| (എ) | അങ്കമാലി കെ.എസ്.ആർ.ടി.സി ഡിപ്പോയിൽ പണിത ഷോപ്പിംഗ് കോംപ്ലക്സ് നിർമ്മാണത്തിന്റെ അടങ്കൽ ചിലവ് എത്രയാണെന്ന് വ്യക്തമാക്കുമോ; | (എ) | അടങ്കൽ ചിലവ് 36.81 കോടി രൂപയാണ്. |
| (ബി) | ഷോപ്പിംഗ് കോംപ്ലക്സിൽ ഓരോ നിലകളിലായി എത്ര മുറികളാണ് ഉള്ളതെന്ന് വ്യക്തമാക്കുമോ; | (ബി) | ഓരോ നിലകളിൽ വാടകയ്ക്ക് നൽകാവുന്ന സ്ഥലങ്ങളുടെ വിസ്തീർണ്ണം ചുവടെ ചേർക്കുന്നു. ടെണ്ടർ അനുവദിക്കുന്ന മുറയ്ക്കാണ് മുറികളായി തിരിക്കുന്നത്.<br>തറ നില - 9757.24 ചതുരശ്ര അടി<br>ഒന്നാം നില - 12738.08 ചതുരശ്ര അടി<br>രണ്ടാം നില - 19833.59 ചതുരശ്ര അടി<br>മൂന്നാം നില - 19833.59 ചതുരശ്ര അടി<br>നാലാം നില - 19833.59 ചതുരശ്ര അടി<br>അഞ്ചാം നില - 22015 ചതുരശ്ര അടി |
| (സി) | നിലവിൽ എത്ര മുറികളാണ് വാടകയ്ക്ക് നൽകിരിക്കുന്നതെന്നും ഓരോ മുറിയ്ക്കും വാടക ഇനത്തിൽ എത്ര തുകയാണ് നിശ്ചയിച്ചിരിക്കുന്നതെന്നും മുറി തിരിച്ച് വിവരം ലഭ്യമാക്കുമോ; | (സി) | വിവരം അനുബന്ധമായി ചേർക്കുന്നു. |
| (ഡി) | കോംപ്ലക്സ് പണിത വകയിൽ കെ.എസ്.ആർ.ടി.സി എത്ര തുകയാണ് കെ.ടി.ഡി.എഫ്.സിക്ക് ഇപ്പോൾ നൽകാനുള്ളത് വിശദാം | (ഡി) | അങ്കമാലി ബസ് ടെർമിനൽ കം ഷോപ്പിംഗ് കോംപ്ലക്സ് നിർമ്മാണത്തിന് പ്രോജക്ട് കോസ്റ്റിനത്തിൽ 36.81 കോടി രൂപ കെ.റ്റി.ഡി. എഫ്.സി ചെലവാക്കിയിട്ടുണ്ട്. ടി |

| | | | |
|---|---|---|---|
| | ശം ലഭ്യമാക്കുമോ; | | തുക 2008 മുതൽ വിവിധ കാലയളവുകളിൽ ചിലവഴിക്കേണ്ടി വന്നിട്ടുണ്ട്. ആകയാൽ അപ്രകാരം ചിലവഴിച്ച തുകകളുടെ നാളിതു വരെയുള്ള പലിശ തുക കണക്കാക്കുന്നതിന് ചാർട്ടേർഡ് അക്കൗണ്ടന്റിനെ ഏൽപ്പിച്ചിട്ടുണ്ട്. |
| (ഇ) | ഈ ഇനത്തിൽ കെ.ടി.ഡി.എഫ്.സി ക്ക് കുടിശ്ശിക നിലവിലുണ്ടോ; ഉണ്ടെങ്കിൽ എത്രയാണെന്ന് വ്യക്ത മാക്കുമോ; | (ഇ) | അങ്കമാലി ബസ് ടെർമിനൽ കം ഷോപ്പിംഗ് കോംപ്ലക്സിന്റെ നടത്തിപ്പിൽ നിന്നും ലഭി ക്കുന്ന വരുമാനത്തിൽ നിന്നും ഓപ്പറേഷൻ ആന്റ് മെയിന്റനൻസ് ഇനത്തിൽ കെ.റ്റി.ഡി. എഫ്.സി.യ്ക്ക് ചിലവാകുന്ന തുക കിഴിച്ചതി നു ശേഷമുള്ള ലാഭ വിഹിതത്തിന്റെ 50% തുക കെ.എസ്.ആർ.ടി.സി.യ്ക്ക് നൽകിയ ശേഷമുള്ള ബാക്കി 50% തുക കെ.റ്റി.ഡി. എഫ്.സി പ്രോജക്ട് കോസ്റ്റ് ഇനത്തിലേയ്ക്ക് വകക്കൊള്ളിച്ച് ലഭിക്കുവാനുള്ള തുക പലിശ സഹിതം ലഭിച്ച് കഴിയുമ്പോൾ കോംപ്ലക്സ് കൈമാറണം എന്നാണ് വ്യവസ്ഥ ചെയ്തിരി ക്കുന്നത്. നാളിതുവരെ ലഭിച്ച തുക കിഴിച്ച് ബാക്കിയുള്ള കുടിശ്ശിക തുക പലിശ ഉൾപ്പെടെ കണക്കാക്കുന്നതിന് ചാർട്ടേഡ് അക്കൗണ്ടന്റിനെ ഏൽപ്പിച്ചിരിക്കുകയാണ്. |
| (എഫ്) | ഈ കോംപ്ലക്സിൽ മുറികൾ ഒഴിഞ്ഞ് കിടക്കാനുള്ള കാരണം വ്യക്തമാക്കുമോ; മുറികൾ ഒഴിഞ്ഞ് കിടക്കുന്നതിലൂടെ എത്ര രൂപയുടെ നഷ്ടമാണ് കെ.എസ്.ആർ.ടി.സി ക്ക് പ്രതിമാസം ബാധ്യതയായി വരുന്നതെന്നും വ്യകതമാക്കുമോ; | (എഫ്) | പല പ്രാവശ്യം ടെൻഡർ ചെയ്തുവെങ്കിലും വളരെ കുറച്ച് സ്ഥലങ്ങൾ മാത്രമാണ് ടെൻഡർ വഴി അലോട്ട് ചെയ്യുവാൻ കഴിഞ്ഞത്. കൂടാതെ നേരിട്ടും മാർക്കറ്റിംഗ് ഏജൻസി വഴിയും സ്ഥലങ്ങൾ വാടകയ്ക്ക് നൽകുവാൻ ശ്രമിച്ചുവെങ്കിലും ഉദ്ദേശിച്ച ഫലമുണ്ടായില്ല. ആകയാൽ ഇപ്പോൾ അടി സ്ഥാന വാടക നിരക്കും സെക്യൂരിറ്റി ഡെപ്പോസിറ്റ് നിരക്കും കുറച്ച് കൊണ്ട് പുതിയ ഇ-ടെൻഡർ ക്ഷണിച്ചിട്ടുള്ളതാണ്. ഓരോ മുറിയ്ക്കും വ്യത്യസ്ത വാടക നിശ്ചയിക്കേണ്ടി വരുന്നതിനാൽ ബാദ്ധ്യത യുടെ കണക്ക് തയ്യാറാക്കാനാവില്ല. |

| | | | |
|---|---|---|---|
| (ജി) | പ്രസ്തുത ഷോപ്പിംഗ് കോംപ്ലക്സ് ബി.ഒ.ടി അടിസ്ഥാനത്തിൽ പണി കഴിപ്പിച്ചതാണോ; ടി ഷോപ്പിംഗ് കോംപ്ലക്സ് എത്ര സ്ക്വയർ ഫീറ്റി ലാണ് നിർമ്മാണം നടത്തിയത്; ഇതിൽ എത്ര സ്ക്വയർ ഫീറ്റാണ് നിലവിൽ വാടകയ്ക്ക് നൽകിയിരി ക്കുന്നത്; വാടക കുടിശ്ശിക നില വിൽ ഉള്ളതായി ശ്രദ്ധയിൽപ്പെട്ടിട്ടു ണ്ടോ; വിശദാംശം ലഭ്യമാക്കുമോ? | (ജി) | ടി കോംപ്ലക്സ് കെ.റ്റി.ഡി.എഫ്.സി ബി.ഒ.ടി അടിസ്ഥാനത്തിലാണ് നിർമ്മിച്ചിട്ടുള്ളത്. ഇതിന്റെ ആകെ വിസ്തീർണ്ണം 176508.86 ചതുരശ്ര അടിയാണ്. അതിൽ ആകെയുള്ള വാണിജ്യ സ്ഥലത്തിന്റെ വിസ്തീർണ്ണം 104011.09 ചതുരശ്ര അടിയാണ്. ആയതിൽ നാളിതു വരെ വാടകയ്ക്ക് നൽകിയ സ്ഥലങ്ങളുടെ ആകെ വിസ്തീർണ്ണം 32199.66 ചതുരശ്ര അടിയാണ്. നിലവിൽ വാടക കുടിശ്ശികയായി രണ്ട് വാടകക്കാരിൽ നിന്നും 16,42,776/- രൂപ ലഭിക്കുവാനുണ്ട്.<br>ജി 3, 4, 7, 8, 9, 10 എന്നിവയിൽ നിന്നും 15.07.2016 വരെ 14,94,950/- രൂപയും ജി 29-ൽ നിന്നും 1,47,826/- രൂപയും കുടി ശ്ശികയുണ്ട്. ഈ തുക ഈടാക്കുന്നതിനുള്ള നടപടികൾ സ്വീകരിച്ചുവരുന്നു. |

സെക്ഷൻ ഓഫീസർ

<u>അനുബന്ധം</u>

| ക്രമ നമ്പർ | വാടകയ്ക്ക് നൽകിയ കടയുടെ നമ്പർ | കടമുറി വാടകയ്ക്ക് നൽകിയ തീയതി | വാടകയും മറ്റ് നികുതികളും ചേർത്ത് നിലവിൽ ഈടാക്കുന്ന തുക (2016 ഒക്ടോബർ മാസത്തിലെ കണക്ക് പ്രകാരം) |
|---|---|---|---|
| 1. | ബി 1 - ബി 6 | 14-08-2012 | 7,31,035 |
| 2. | ജി 22, 23, 27, 28 | 26-11-2012 | 89,018 |
| 3. | ജി 1, 2, & 13 - 21 | 11-01-2013 | 2,11,863 |
| 4. | ജി 3,4,7,8,9 & 10 | 23-04-2013 | 1,64,103 |
| 5. | ജി 25 | 30-04-2013 | 15,549 |
| 6. | ജി 26 | 30-04-2013 | 13,936 |
| 7. | ജി 05 & 06 | 07-05-2013 | 22,401 |
| 8. | ജി 45 | 23-05-2013 | 17,686 |
| 9. | ജി 42 | 12-06-2013 | 24,991 |
| 10. | ജി 46 | 12-06-2013 | 18,002 |
| 11. | എ 5 | 13-09-2013 | 16,903 |
| 12. | ജി 11 & 12 | 01-10-2013 | 57,438 |
| 13. | ജി 24 | 18-06-2014 | 5,669 |
| 14. | ജി 29 | 30-06-2014 | 23,801 |
| 15. | ജി 44 | 03-07-2014 | 23,801 |
| 16. | ജി 47 | 22-12-2014 | 6,729 |
| 17. | ജി 49 | 22-12-2014 | 3,642 |
| 18. | ജി 43 | 29-07-2015 | 23,801 |
| 19. | ജി 30 | 28-07-2015 | 23,801 |
| 20. | ജി 31 | 15-12-2015 | 29,922 |
| 21. | എഫ് 50 | 16-05-2016 | 14,701 |

(signature)

സെക്ഷൻ ഓഫീസർ